**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5225** **21-03-2025 - ൽ മറുപടിയ്ക്ക്**

**മണ്ണ് സംരക്ഷണ വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നബാർഡിന്റെ ധനസഹായത്തോടെ മണ്ണ് സംരക്ഷണ വകുപ്പ് ഏറ്റെടുത്തിട്ടുള്ളതും പൂർത്തിയാക്കാത്തതുമായ എത്ര പദ്ധതികൾ നിലവിലുണ്ട്; അവ ഏതൊക്കെയാണെന്നും അതിനായി ഇനി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്നും വിശദീകരിക്കാമോ; | (എ) | നബാർഡിന്റെ ധനസഹായത്തോടെ RIDF 25, 28, 29 ട്രാഞ്ചുകളിലെ 42 പദ്ധതികൾ നിർവഹിക്കുന്നതിനുള്ള ഭരണാനുമതി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് നൽകിയിട്ടുണ്ട്. ഇതിൽ RIDF 25 ഘട്ടത്തിലെ 6 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. RIDF 25 ഘട്ടത്തിലെ ബാക്കി പദ്ധതികൾ പദ്ധതി കാലാവധിയ്ക്കുള്ളിൽ (മാർച്ച് 2025) പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. RIDF 28, 29 ട്രാഞ്ചെയിലെ എല്ലാ പദ്ധതികളും നിർവഹണത്തിലാണ്. നബാർഡിന്റെ NIDA സാമ്പത്തിക സഹായത്തോടെ നിർവഹണത്തിലുള്ള തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ 9 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 19.77 കോടി രൂപയ്ക്ക് അവാർഡ് ചെയ്ത പ്രവൃത്തികൾക്കായി 8.27 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക അനുവദിക്കുന്ന കാര്യം പരിശോധനയിലാണ്. |
| (ബി) | 2025-26 വർഷത്തിലേക്ക് പുതിയ പദ്ധതികൾ പരിഗണിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | 2025-26 വർഷത്തിലേക്കു RIDF 31 ട്രാഞ്ചെയിൽ ഉൾപ്പെടുത്തി നീർത്തടാടിസ്ഥാനത്തിൽ മണ്ണ് ജല സംരക്ഷണ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ